**മഹാത്മാഗാന്ധി സർവ്വകലാശാല**
**(സംഗ്രഹം)**

SWAYAM പ്ലാറ്റ്ഫോം വഴി MOOCs (മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്) കോഴ്സുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ടി കോഴ്സുകളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.4540/എ1/2017/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 25.07.2017

---

**<u>ഉത്തരവ്</u>**

പരാമർശം :
1. 27.07.2016-ലെ യു.ജി.സി. യുടെ കത്ത് നം. F.1-100/2016 (MOOCs/e-Content)
2. 19.07.2016-ൽ ഗസറ്റ് ഓഫ് ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തിയ 2016-ലെ യു.ജി.സി. റഗുലേഷൻസ്.
3. 05.06.2017-ലെ യു.ജി.സി.യുടെ കത്ത് നം. F.1-100/2016 (MOOCs/e-Content).
4. 29.04.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം. 56/16.11/162347 പ്രകാരമുള്ള തീരുമാനം.
5. 13.07.2017 ൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇനം നം. 13 പ്രകാരമുള്ള തീരുമാനം.

മേൽ പരാമർശം (1) പ്രകാരം, യു.ജി.സി., ആഗസ്റ്റ് 2016-ൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന MOOCs (മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ്) കോഴ്സുകളുടെ പട്ടികയെക്കുറിച്ചും പരാമർശം (2) പ്രകാരം, യു.ജി.സി. പ്രസിദ്ധപ്പെടുത്തിയ റഗുലേഷനെക്കുറിച്ചും (SWAYAM പ്ലാറ്റ്ഫോം വഴി ഓൺലൈനായി കോഴ്സുകൾ പഠിക്കുന്നതിനുള്ള ക്രെഡിറ്റ് ഫ്രെയിം വൊർക്ക്) സർവ്വകലാശാലയെ യു.ജി.സി. അറിയിച്ചിരുന്നു.

പരാമർശം (3) പ്രകാരം, MOOC കോഴ്സുകളുടെ പട്ടികയും, യു.ജി.സി. റഗുലേഷനും ഉൾക്കൊണ്ട് ടി കോഴ്സുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ MOOC-ൽ ഉൾപ്പെടുത്തേണ്ട കോഴ്സുകളും അവ തുടങ്ങുന്ന അക്കാദമിക വർഷവും നൽകുവാനും ടി കോഴ്സുകൾ സർവ്വകലാശാലയുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിരുന്നു.

സർവ്വകലാശാലാ സിൻഡിക്കേറ്റ് ടി വിഷയം പരിഗണിക്കുകയും, പരാമർശം (4) പ്രകാരം, അടുത്ത അക്കാദമിക് കൗൺസിലിൻെറ പരിഗണനയ്ക്കു സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ വിഷയം പരിഗണിക്കുകയും, ഡോ.എ.എം.തോമസ് കൺവീനറായി ഡോ.പി.എസ്.സുകുമാരൻ, ഡോ.എം.എസ്.ലത,

ഡോ.ബിന്ദു വി.ആർ. എന്നിവർ അംഗങ്ങളായുള്ള സമിതിയെ, സർവ്വകലാശാലയിൽ തുടങ്ങുവാൻ കഴിയുന്ന MOOCs കോഴ്സുകളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ അക്കാദമിക കൗൺസിലിന്റെ/സിൻഡിക്കേറ്റിന്റെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ, ടി ശുപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ഡോ.എ.എം.തോമസ്, ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ്
2. ഡോ.പി.എസ്.സുകുമാരൻ, ഡീൻ, ഫാക്കൽറ്റി ഓഫ് ബിഹേവിയറൽ സയൻസസ്
3. ഡോ.എം.എസ്.ലത, ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്
4. ഡോ.ബിന്ദു വി.ആർ., ഡീൻ, ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസ്
5. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
7. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്)
8. എസി.സി1/എസി.സി2
9. കൺന്റെൻറ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
10. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/2/482/2016 - ഭാഗം

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ